




കുട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

ദീപനാളം കുട്ടികളോടൊപ്പം

എല്ലാ മാസവും ആദ്യത്തെ ആഴ്ച

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# ല്യാന ഇവിടെയുണ്ട്
# അവൾ ദൈവത്തിന്റെ കുട്ടിയാണ്



**ജീ**വകാരുണ്യപ്രവൃത്തികൾ ആരു ചെയ്താലും അതിൽ ദൈവത്തിന്റെ കൈയൊപ്പുണ്ട്. അതൊരു ബാലികയായാലോ? ആരുമതിനെ അതിശയക്കണ്ണുകളോടെ ആദരിക്കും. ഇവിടെയിതാ, ആലുവ തേജസ്സ് വീട്ടിൽ പാലിയേറ്റീവ് പ്രവർത്തകരായ തങ്കച്ചന്റെയും സിനിമോളുടെയും ഏകമകൾ ല്യാന ജീവകാരുണ്യ പ്രവർത്തനരംഗത്ത് വേറിട്ട വ്യക്തിത്വമായി സമൂഹത്തിന്റെ മുഴുവൻ ആദരം ഏറ്റുവാങ്ങിക്കഴിഞ്ഞു. ആലുവ എസ്എൻഡിപി ഹയർ സെക്കൻഡറി സ്കൂളിൽ എട്ടാംക്ലാസ് വിദ്യാർഥിനിയാണ് ഈ കൊച്ചു മാലാഖ.

ഒരിക്കൽ അച്ഛന്റെയൊപ്പം സ്കൂട്ടറിൽ സ്കൂളിലേക്കു പോകുന്ന വഴിയിൽ ട്രാഫിക് പോലീസുകാരൻ വല്ലാതെ ചുമയ്ക്കുന്നതു കണ്ട ല്യാന അച്ഛനോട് അതിന്റെ കാരണം തിരക്കി. വഴിയിലെ പൊടിയും പുകയും ശ്വസിച്ചിട്ടാണെന്ന അച്ഛന്റെ മറുപടി അവളെ വേദനിപ്പിച്ചു. പിറ്റേന്നു സ്കൂളിലേക്കു പോകാൻനേരം ഒരു മാസ്കുകൂടി വാങ്ങിത്തരണമെന്ന് അവൾ വാശിപിടിച്ചു. അന്നുമുതൽ ട്രാഫിക് പോലീസുകാർക്ക് അവൾ ഓരോ മാസ്ക് നല്കാൻ തുടങ്ങി. മാസങ്ങൾ കഴിഞ്ഞ് വേനൽ കടുത്തപ്പോൾ എല്ലാ ദിവസവും കുപ്പിവെള്ളവും അവൾ കൈയിൽ കരുതി.

ഒരു ദിവസം ആലുവ പോലീസ് തങ്ങൾക്കു ദാഹജലവും മാസ്കും ദിവസവും മുടങ്ങാതെ എത്തിച്ചുതരുന്ന കൊച്ചുല്യാനയെ ആദരിക്കാൻ തീരുമാനിച്ചു. അക്കാര്യമറിയിക്കാൻ പോലീസ് സ്റ്റേഷനിലേക്കു വിളിപ്പിച്ച എസ്.പി. ജോർജ് സാറാണ് ചെറുപ്പത്തിലേ ഇത്രനീളത്തിൽ മുടിവളർത്തുന്നതെന്തിനെന്നു ചോദിച്ചത്. ഉടൻ വന്ന മറുപടികേട്ട് എസ്.പി. പോലും ഞെട്ടിപ്പോയി: ''അങ്കിളേ, കാൻസർ രോഗികൾക്കു വിഗ്ഗുണ്ടാക്കാൻ കൊടുക്കാനാ ഞാനിതു വളർത്തുന്നത്.'' ''എങ്കിൽ നമ്മൾക്കത് ഇവിടെവച്ചായാലോ?'' എസ്.പി.യുടെ ചോദ്യം. ല്യാനയ്ക്കു പൂർണസമ്മതം. അപ്പോൾത്തന്നെ കാൻസർരോഗികൾക്കു സൗജന്യമായി വിഗ്ഗു നിർമിച്ചുനല്കുന്ന സർഗചേതന വിമൻസ് ഫോറത്തെ വിവരമറിയിച്ചു. അങ്ങനെ ആലുവ പോലീസ് സ്റ്റേഷനിൽവച്ച് ല്യാന മുടിമുറിച്ചു. ഇതുകണ്ട് പ്രചോദിതയായി അവിടെ സന്നിഹിതയായിരുന്ന സി.ഐ. രാധാമണിയും രണ്ടു വനിതാപോലീസുകാരും ല്യാനയുടെ അമ്മയും മുടി ദാനം ചെയ്തു.

ഇതിനിടെ, ആലുവ റെയിൽവേസ്റ്റേഷനിൽ ഭിന്നശേഷിക്കാർക്കു വീൽച്ചെയർ ഇല്ലെന്നറിഞ്ഞു നാടുനീളെ പിരിവെടുത്ത് മൾട്ടി ടൈപ്പ് വീൽച്ചെയർ വാങ്ങിക്കൊടുത്തു ല്യാന. അന്നത്തെ എറണാകുളം കളക്ടർ മുഹമ്മദ് സഫറുള്ളയാണ് ചടങ്ങിൽ മുഖ്യാതിഥിയായത്.

ഒരിക്കൽ മസ്ക്കുലർ ഡിസ്ട്രോഫി എന്ന മാരകരോഗം പിടിപെട്ട് കിടക്കയിൽനിന്ന് അനങ്ങാൻപോലും വയ്യാതെ തളർന്നുകിടന്ന അനൂപ് എന്ന പത്തുവയസ്സുകാരന് വീൽച്ചെയർ ഉൾപ്പെടെ സകലതും പ്രളയത്തിൽ നഷ്ടപ്പെട്ട കാര്യം പത്രത്തിലൂടെയറിഞ്ഞ ല്യാന സ്വന്തം വീട്ടിൽ താൻ കണ്ടുകൊണ്ടിരുന്ന റ്റി.വി. ആ കുട്ടിക്കു കൊടുത്തു. തന്റെ ജന്മദിനം ഒരിക്കൽപോലും വീട്ടിൽവച്ച് ആഘോഷിക്കാൻ ആഗ്രഹിക്കാത്ത ല്യാന എന്നും അത് ഏതെങ്കിലും അനാഥമന്ദിരത്തിൽവച്ച് അവരോടൊപ്പമാണ് ആചരിക്കാറ്.

പ്രളയസമയത്ത് ദുരിതാശ്വാസക്യാമ്പിൽ അരിയും വസ്ത്രങ്ങളും നല്കുകയും മുഖ്യമന്ത്രിക്കു നേരിട്ട് തന്റെ കുടുക്കയിലെ കൊച്ചുസമ്പാദ്യവും കാതിൽക്കിടന്ന കമ്മലും ഊരി നല്കുകയും ചെയ്തു ല്യാന. ചില സന്നദ്ധസംഘടനകൾ ദരിദ്രവിദ്യാർഥികൾക്കായി നല്കാൻ പുസ്തകവും ബുക്കും കുടയുമെല്ലാം ല്യാനയെ ഏല്പിക്കാറുണ്ട്. മുഖ്യമന്ത്രി പിണറായി വിജയൻ പ്രത്യേകതാത്പര്യമെടുത്ത് ല്യാനയെ വിളിച്ച് ആദരിക്കുകയുണ്ടായി.



ജീവിതത്തിലെ ഏറ്റവും സന്തോഷവും അഭിമാനവും നല്കുന്ന നിമിഷം ഏതെന്നു ചോദിച്ചാൽ ല്യാന രണ്ടാമതൊന്നാലോചിക്കാതെ പറയും, മദർ തെരേസയുടെ ഫോട്ടോ സമ്മാനം കിട്ടിയ നിമിഷമെന്ന്. മനുഷ്യസേവനത്തിനായി ബഹറിൻ ഗുരുസേവ ഏർപ്പെടുത്തിയ പ്രഥമ 'ഗുരുഗീതം' അവാർഡ് ല്യാനയ്ക്കാണു കിട്ടിയത്. അതു സമ്മാനിക്കുന്ന ചടങ്ങ് ആലുവ ടൗൺ ഹാളിൽ നടക്കുന്ന സമയം വമ്പിച്ച ജനാവലിക്കിടയിൽനിന്ന് ഒരു കൈയ്ക്കു തളർച്ച ബാധിച്ച കമലൻ എന്ന ചിത്രകാരൻ മറുകൈയിൽ ഒരു സമ്മാനപ്പൊതിയുമായി സ്റ്റേജിലേക്കു കയറിവന്നു. എന്നിട്ടു പറഞ്ഞു: ''ഞാൻ ഒരു ചിത്രകാരനാണ്. 1972 ൽ ഞാൻ മദർ തെരേസയുടെ ഒരു ചിത്രം വരച്ച് അത് കൽക്കട്ടയിൽ മദറിന് നേരിട്ടു നല്കി. എന്നാൽ, ആ ചിത്രത്തിനടിയിൽ തന്റെ സ്വന്തം കൈപ്പടയിൽ 'തെരേസാ മേ' എന്നെഴുതി ഒപ്പിട്ട് എനിക്കു മടക്കിത്തന്നു. അമ്മയുടെ കൈപിടിച്ച ആ ചിത്രം ഇതുവരെ ഞാൻ എന്റെ ദൈവങ്ങൾക്കൊപ്പം പൂജാമുറിയിലാണ് സൂക്ഷിച്ചിരുന്നത്. എന്നാൽ, ഇന്നെനിക്കു മനസ്സിലായി അത് എന്റെ വീട്ടിലല്ല, ആലുവയുടെ മദർ തെരേസയായ ഈ കൊച്ചുമിടുക്കിയുടെ കൈയിലാണിരിക്കേണ്ടതെന്ന്. അതുകൊണ്ടു വളരെ സന്തോഷത്തോടെയും നിങ്ങളുടെ എല്ലാം സമ്മതത്തോടെയും ഞാനാ ചിത്രം ല്യാനമോൾക്കു സമ്മാനിക്കുന്നു.''

ല്യാന ഇപ്പോഴും വെറുതെയിരിക്കുകയല്ല. ആലുവയിലെ തെരുവോരങ്ങളിൽ വിശന്നു വലഞ്ഞിരിക്കുന്ന സാധുക്കൾക്കു വീട്ടിൽനിന്ന് അവൾ കൊണ്ടുവരുന്ന പൊതിച്ചോറ് സ്നേഹത്തോടെ നല്കുന്നു. കാടപ്പക്ഷികളെ വളർത്തിക്കിട്ടുന്ന ലാഭവും തന്റെ കൊച്ചുകുടുക്കയിലെ നിക്ഷേപവുമൊക്കെയാണ് ഇതിനുള്ള മൂലധനം. ഏതായാലും ല്യാനയുടെ പുണ്യപ്രവൃത്തി ചില സുമനസ്സുകളുടെയെങ്കിലും കണ്ണു തുറപ്പിച്ചു. റിട്ട. ഹൈക്കോടതി ജഡ്ജി കെ. ബാലകൃഷ്ണന്റെ ഭാര്യ റിട്ട. ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥ ശ്രീമതി ഗിരിജാ ബാലകൃഷ്ണനും സഹപ്രവർത്തകരും ല്യാനയെ സഹായിക്കാൻ മുന്നിട്ടിറങ്ങി. അങ്ങനെ കഴിഞ്ഞ കുറെ മാസങ്ങളായി ഇരുപത്തിയഞ്ചിലേറെ സാധുക്കൾക്കു ല്യാനയും സഹപ്രവർത്തകരും സഹായമേകുന്നു.

സംശയിക്കേണ്ട, ചിത്രകാരൻ കമലൻ പറഞ്ഞതു ശരിയാണ്: ആലുവയുടെ മദർ തെരേസയാണു ല്യാന. അതേ, അവൾ ദൈവത്തിന്റെ കുട്ടിയാണ്! ■

കഥ



# അസ്തിത്വത്തിന്റെ അടിവേരുകൾ



**റേച്ചൽ ജോർജ്**
നിയമവിദ്യാർഥിനി
കോ ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ

**കി**ളികളുടെ കലപില ശബ്ദം കേട്ടാണ് അവൾ ഉണർന്നത്. രാമനാമമാണ് ആദ്യം നാവിൽ ഉരുവിടേണ്ടതെന്നത് അവൾക്ക് ബാല്യകാലസ്മരണ മാത്രമായി മാറിയിരിക്കുന്നു. മൊബൈൽ എടുത്തു രാത്രിയിൽ അവസാനിപ്പിച്ച സംഭാഷണങ്ങൾ ഇത്തിരികൂടി മുഴുമിപ്പിച്ചശേഷം പതുക്കെ അടുക്കളവാതിൽ കടക്കുമ്പോഴാണ് മുറ്റത്തുനിന്ന് ‘മ്മാ’ എന്നൊരു വിളി അവൾ കേട്ടത്. ഉന്നതവിദ്യാഭ്യാസത്തിനായി ലണ്ടനിലേക്കു ചേക്കേറിയ അവൾ അഞ്ചുവർഷങ്ങൾക്കിപ്പുറം മകനും ഭർത്താവിനുമൊപ്പം നാട്ടിലെ തറവാട്ടുവീട്ടിലേക്ക് എത്തിയിട്ട് ഇന്നേക്ക് നാലു ദിവസം. മകന്റെ വിളികേട്ടു മുറ്റത്തേക്കു ചെന്ന അവൾ ചെളിമണ്ണുകൊണ്ട് കൊട്ടാരമുണ്ടാക്കുന്ന മകനെയാണു കാണുന്നത്. “Don’t do this dear. നിനക്ക് വല്ല ഡിസീസും വരും വാവേ. Get inside!”

അതുകേട്ടു തൊടിയിലായിരുന്ന അച്ഛൻ ഒന്നു തിരിഞ്ഞുനോക്കി. ഈ മണ്ണിൽ വളർന്ന നിനക്ക് എത്ര ഡിസീസ് വന്നു എന്നു ചോദിക്കാൻ അച്ഛന് അപ്പോൾ തോന്നി.

അമ്മ തയ്യാറാക്കിയ പ്രഭാതഭക്ഷണം കഴിക്കുന്ന വേളയിൽ അവളുടെ വിദേശിയായ ഭർത്താവ് ആ നാട്ടിൽ കണ്ട പല കാര്യങ്ങളും പറഞ്ഞുകൊണ്ടിരിക്കേ, ഈ വരവിന്റെ ഉദ്ദേശ്യം അവൾ അവതരിപ്പിച്ചു. ഗ്രാമപ്രദേശമായതിനാൽ സൗകര്യങ്ങൾ തീർത്തും കുറവാണ്. വാർധക്യത്തിലെത്തിയ നിങ്ങൾ ഇനിയും ഈ നാട്ടിൽ കിടന്ന് എന്തിനു നരകിക്കണം? ഈ വീടും പറമ്പും നല്ല വിലയ്ക്കു വാങ്ങാൻ ഒരു കരാറുകാരൻ വന്നിട്ടുണ്ട്, ഒരു ഗ്രാമീണ ടച്ചിൽ റിസോർട്ട് പണിയാനാണ് ഉദ്ദേശ്യം.

ബാക്കി കേട്ടുനിൽക്കാതെ അച്ഛൻ ക്ഷുഭിതനായി: “ആരോടു ചോദിച്ചിട്ടാ നീ തറവാടിനു വില പറഞ്ഞേ? ഈ മണ്ണ് ഞാൻ ആർക്കും കൊടുക്കില്ല. എന്റെ അപ്പനപ്പൂപ്പന്മാരുടെ വിയർപ്പാ ഈ മണ്ണ്. അതു വിൽക്കാനുംമാത്രം എന്താ ഇപ്പോൾ ഉണ്ടായത്?”

“ഞാൻ പറയുന്നതു കേട്ടാ മതി. നിങ്ങളെ ഞാൻ ലണ്ടനിലേക്കു കൊണ്ടുപോകും: പേപ്പർ വർക്കുകൾ എല്ലാം തുടങ്ങിക്കഴിഞ്ഞു. നാളെ സ്ഥലം കാണാൻ ഒരു പാർട്ടി വരുന്നുണ്ട്, അച്ഛൻ കുഴപ്പമുണ്ടാക്കരുത്, ഞാൻ എല്ലാം തീരുമാനിച്ചു.” അവൾ കൂടുതലൊന്നും പറയാതെ മുറിയിലേക്കു പോയി.

സ്വന്തം അസ്തിത്വത്തിനേറ്റ ക്ഷതമായി ആ വാക്കുകൾ അയാളിൽ തറഞ്ഞുകയറി.

ഓടിക്കളിച്ച മുറ്റവും തൊടിയും പുഴയും സ്കൂളും എല്ലാം തനിക്കു നഷ്ടമാകുമോ എന്ന തോന്നൽ അയാളെ വീർപ്പുമുട്ടിച്ചു. അവൾ അയാളുടെ കൈയും പിടിച്ച് പിച്ചവച്ച നാളുകളും കുടുംബം കരുപ്പിടിപ്പിക്കാൻ താൻ സഹിച്ച കഷ്ടപ്പാടുകളും തിരശ്ശീലയിലെന്നപോലെ അയാളുടെ മനസ്സിൽ തെളിഞ്ഞുവന്നു.

രാത്രി ഏറെ വൈകിയിട്ടും അയാൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. രാവിലെമുതൽ ആ മനസ്സ് കടൽപോലെ പ്രക്ഷുബ്ധമാണ്. അന്ന് അയാൾ ഉണർന്നത് വലിയ ഒച്ചപ്പാടു കേട്ടാണ്. അംശാധികാരിയും സർവേയരും ഒപ്പം കുറച്ചു പ്രമാണിമാരും അവൾ വെറുതേ പറഞ്ഞതല്ല, എല്ലാം തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു. ശ്വാസം നിലയ്ക്കുന്നതായി അയാൾക്കു തോന്നി.

ദിവസങ്ങൾ വേഗത്തിൽ കടന്നുപോയി. ഉറക്കമില്ലാത്ത രാത്രികൾ. ജനലിനടുത്ത് ഇട്ടിരിക്കുന്ന ചാരുകസേരയിൽനിന്ന് അയാൾ എഴുന്നേറ്റതേയില്ല.

വീട്ടുമുറ്റത്ത് ഒരു കാർ വന്നു. രണ്ടു മണിക്കാണ് വിമാനം. എല്ലാവരും ധൃതിയിൽ കാറിലേക്കു കയറി. എന്നാൽ, അച്ഛൻമാത്രം പുറത്തേക്കു വന്നതേയില്ല. താക്കോൽ കൈപ്പറ്റാൻ കരാറുകാരൻ തിടുക്കം കൂട്ടുന്നു. “അച്ഛാ വേഗം വരൂ” അവൾ ഉറക്കെ വിളിച്ചു.

കുറെ വിളിച്ചിട്ടും അച്ഛനെ പുറത്തേക്കു കാണാതായായപ്പോൾ അവൾ മുറിയിൽ ചെന്നു നോക്കി. ആ കസേരയിൽത്തന്നെ പുറത്തേക്കു നോക്കി ഇരിക്കുന്ന അച്ഛനെ അവൾ തട്ടിവിളിച്ചു. തന്റെ പ്രാണൻപോലെ കാത്ത മണ്ണിൽത്തന്നെ ലയിക്കാനാണ് അച്ഛന്റെ ശരീരം ആഗ്രഹിച്ചത്. അല്ലെങ്കിൽ ആ ആത്മാവിനു ശാന്തി ലഭിക്കില്ലെന്ന് അയാൾ വിശ്വസിച്ചിരുന്നിരിക്കണം.

മരണാനന്തരകർമങ്ങൾ പെട്ടെന്നു തീർക്കാൻ ഏർപ്പാടുകൾ ചെയ്യാൻ ഇവന്റ് മാനേജ്മെന്റ് ടീമിനെ ടൗണിൽനിന്നു വരുത്തി. ഇത്രയുംകാലം വിയർപ്പൊഴുക്കി അധ്വാനിച്ച മണ്ണിൽ അന്ത്യവിശ്രമം കൊള്ളാൻ അയാൾക്കു കഴിഞ്ഞില്ല.

പൊതുശ്മശാനത്തിൽനിന്ന് ഉയർന്ന പുകയുടെ നേർത്ത വരകൾ മായുംമുന്നേ അമ്മയുമായി അവൾ പറന്നകന്നു.

ശവസംസ്കാരത്തിനു വന്ന ഏതോ ഒരു ബന്ധുവിനോട് അവൾ പറഞ്ഞുവത്രേ: ‘പുറംരാജ്യങ്ങളിലൊക്കെ ഒരു ജോലിക്കാരിയെ നിർത്തുന്നത് വലിയ ചെലവാണ്.’ ■

കവിത



**കാവ്യ ഭാസ്കർ**
സെന്റ് ജോസഫ്സ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ ഫോർ വിമൻ. എറണാകുളം



# കുടുക്ക്

**കു**രുക്കിടുന്നതെന്തെടോ,
കറുത്തനാവുമായി നീ
കനത്തെഴുത്തിനൊക്കവേ
വിലക്കുമായ് വരുന്നു നീ

ചോരനീർ തിളയ്ക്കുമീ
മനുഷ്യമാംസമല്ലേ നാം
കുടുക്കുമായ് പതുങ്ങിയെൻ
എഴുത്തു നോക്കിടുന്നു നീ

ഇരുട്ടുതേടിയെത്രയോ
രസിച്ചിടുന്ന മാനുഷാ,
എഴുത്തു കണ്ടിതിങ്ങനെ
മുഖം ചുളിച്ചു പോവത്?

കനത്ത വാക്കിനൊക്കവേ
ദ്വയാർഥമല്ലെ കണ്ടത്!
അളക്കുവാൻ വരുന്ന നീ
പുണ്യജന്മമോ മഹാ!

പെണ്ണെഴുത്തിലളവുകോലിൽ
അതിരിടുന്നതാരവർ?
വിഷം കലർന്ന നാവുമായ്
കുലം പറഞ്ഞ മൂഢകൾ

അടക്കമായുരച്ചിടും
പുഴുത്ത വാക്കിനൊക്കവേ
എഴുത്തുതന്നെയെൻ ബലം
അറിഞ്ഞുവച്ചുകൊള്ളുക!

DEEPANALAM WINNERS SPACE gk

### കഴിഞ്ഞ ലക്കം ക്വിസ്
### (പ്രതിഭ 2023 ജൂൺ) ശരിയുത്തരങ്ങൾ

1) നീലം സഞ്ജീവറെഡ്ഡി
1998 മേയ് 22. കെ.ആർ. നാരായണൻ
2) 1998 മേയ് 17
ദാരിദ്ര്യനിർമാർജനവും സ്ത്രീശക്തീകരണവും
3) നിർമല സീതാരാമൻ, 2022
4) ഡോ. ജോസ് ചാക്കോ പെരിയപ്പുറം
5) കാമി റീത്ത, 28
6) ശ്രീനഗർ
7) ക്ലോസ് ഷ്വാസ്, 2016
8) ജെല്ലിക്കെട്ട് കേസ്
9) പ്രഫ. സാബു തോമസ്
10) അഭിലാഷ് ടോമി

◆ ശരിയുത്തരങ്ങൾ ആരും അയച്ചിട്ടില്ല

# അനർഘനിമിഷത്തിന്റെ താക്കോൽക്കാരൻ



**ജയലക്ഷ്മി ജി.**
എം.എ. ഇക്കണോമിക്സ്
ഇഗ്നോ, സി.എം.എസ്. കോളജ്, കോട്ടയം



**നീ**യും ഞാനും ഒരു പ്രതിബിംബത്തിലെന്നപോലെ നോക്കിനിൽക്കുന്നു. നീയാരായിരുന്നു എന്ന തിരച്ചിൽ നിന്നിലേക്കു വന്നെത്തുന്ന വഴികളായി പരിണമിക്കുന്നു! എന്നിട്ടുമെന്തേ നിന്നെ ഞാൻ തിരിച്ചറിയാതിരുന്നത്?

കോടാനുകോടി ഇന്നലെകൾ എന്റെ കൺതടങ്ങളിൽ കറുപ്പവശേഷിപ്പിച്ചു കടന്നുപോയി. അവർ എന്റെ ചിരിയിൽ ദുഃഖത്തിന്റെ അംശം കലർത്തി. ഞാൻ ചിരിക്കാൻ പഠിച്ചു, ചിരിക്കുമ്പോൾ കരയാതിരിക്കാനും! എന്നിട്ടുമെന്തേ നിന്നെ ഞാൻ തിരിച്ചറിയാതിരുന്നത്?

നിന്നെ മാത്രമിവിടെ അവശേഷിപ്പിച്ചു യാത്രപോകാൻ എന്റെ അന്തരംഗം പൂർണമായും ഒരുങ്ങിയിട്ടില്ല. നീ ആരാണെന്ന ചോദ്യം വർത്തമാനകാലത്തിന്റെ വക്കത്തുനിന്നു ഭൂതകാലത്തിലേക്ക് എന്നെ പറഞ്ഞയയ്ക്കുന്നു. എന്നിട്ടുമെന്തേ,

നിന്നെ ഞാൻ തിരിച്ചറിയാതിരുന്നത്?

നീയും ഞാനും എന്ന യാഥാർഥ്യം ജീവിതത്തിൽ എല്ലായ്പ്പോഴും കൂടെയുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല.

നിന്നെപ്പിരിയുന്ന ഈ നേരം അനർഘനിമിഷമായി ഇവിടെ അവശേഷിക്കട്ടെ!

ഭൂമിയും ആകാശവും സമുദ്രവും കൈയാളുന്ന മനുഷ്യനെന്ന ജന്തുവിനോടു വെല്ലുവിളിച്ച് അവകാശങ്ങളെപ്പറ്റിയുള്ള മനുഷ്യധാരണകളെ കാറ്റിൽപ്പറത്തി മാങ്കോസ്റ്റിൻ മരച്ചുവട്ടിലിരുന്നു കഥകൾ പറയാൻ മലയാളത്തിന് ഒരു ബഷീർ മാത്രമേയുള്ളൂ! ■

# പടപൊരുതാം ലഹരിക്കെതിരേ




**ഗൗരിനന്ദ എസ്.**
പ്ലസ് വൺ
ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ, പാലക്കാട്

യുവതലമുറ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മയക്കുമരുന്ന്. സ്വപ്നങ്ങൾ വീണുപൊലിയുന്ന ബാല്യകൗമാരങ്ങൾ എത്രയെന്നു തിട്ടപ്പെടുത്താൻ കഴിയാത്തവിധം ലഹരിമാഫിയ പിടിമുറുക്കിക്കഴിഞ്ഞു. സ്കൂളുകളും കോളജുകളുമാണ് ഇവരുടെ പ്രധാന ഉന്നം. ചെറിയ ക്ലാസുകളിൽമുതൽ പ്രഫഷണൽകോളജുകളിൽവരെ ലഹരിക്കടിമകളായ കുട്ടികളെ ദിനംപ്രതി കണ്ടെത്തുന്നുണ്ട്.

എം ഡി എം എ, ഹാഷിഷ്, കൊക്കെയ്ൻ, എൽ എസ് ഡി സ്റ്റാമ്പ് തുടങ്ങിയ രാസലഹരിമരുന്നുകൾ ഭാവിയെ അപ്പാടെ തൂത്തെറിയുന്നവയാണ്.

എം ഡി എം എ ഒരിക്കൽ ഉപയോഗിച്ചാൽമതി, പിന്നെ തിരിച്ചുകയറാൻ സാധ്യമല്ലാത്തവിധം അടിമപ്പെട്ടുപോകും.

ഇത്തരം മയക്കുമരുന്നുമാഫിയകളെ നിയന്ത്രിക്കുന്ന ലോബികൾ ഓൺലൈൻ നെറ്റ്‌വർക്കുകൾ ഉപയോഗപ്പെടുത്തുന്നതിനാൽ ഇവരെ കണ്ടുപിടിക്കുക പ്രയാസമാണ്.



പോക്കറ്റ്മണി ലക്ഷ്യംവച്ചും ലഹരിയുടെ മായികലോകത്തേക്കു കുട്ടികൾ വഴുതിവീഴുന്നുണ്ട്. നിശാപാർട്ടികളിലും ആഘോഷങ്ങളിലും ലഹരി സജീവമാണ്. കുത്തഴിഞ്ഞ പുതുതലമുറയുടെ പോക്ക് എങ്ങോട്ടാണെന്ന് നാം അന്തംവിട്ടു പോകുന്നു. പ്രായപൂർത്തിയാകാത്ത കുട്ടികൾപോലും നിരന്തരമായ ലൈംഗികപീഡനത്തിന് ഇരയായിത്തീരുന്നുവെങ്കിൽ അതിനു പിന്നിൽ മയക്കുമരുന്നുപയോഗത്തിന്റെ പങ്ക് വളരെയധികമാണ്.

ലഹരിമാഫിയയുടെ കൈയിലകപ്പെടാതെ പഠിച്ചു മുന്നേറുകയെന്നത് ഇക്കാലത്ത് വളരെ പ്രയാസമായിരിക്കുന്നു. കൊച്ചുകുട്ടികളടക്കം ഇന്നു ലഹരിമരുന്നിന്റെ പിടിയിലാണ്. രക്ഷിതാക്കൾക്കും അധ്യാപകർക്കും ബോധവത്കരണം നൽകി കാര്യഗൗരവത്തെക്കുറിച്ചു ബോധ്യപ്പെടുത്തുക എന്നതല്ലാതെ ഒന്നും ചെയ്യാനില്ല എന്നതാണു സത്യം.

കൗമാരക്കാരായ കുട്ടികളെ ലക്ഷ്യംവച്ചുകൊണ്ട് സ്കൂൾ-കോളജ് പരിസരങ്ങളിൽ ഇവർ യഥേഷ്ടം പല വേഷങ്ങളിൽ സഞ്ചരിക്കുന്നുണ്ട്. സ്കൂൾവിദ്യാർഥികളെ പ്രലോഭിപ്പിക്കാൻ പല നിറങ്ങളിലുള്ള മിഠായികൾ നൽകിയും സൗഹൃദം ഭാവിച്ച് ഐസ്ക്രീം, ജ്യൂസ് എന്നിവയൊക്കെ വാങ്ങിക്കൊടുത്തും കുട്ടികളെ വലവീശിപ്പിടിക്കുകയാണ്. മയക്കുമരുന്നിന് അടിമയാകുന്ന കുട്ടികളുടെ പിന്നീടുള്ള മാനസികാവസ്ഥ തികച്ചും പരിതാപകരമാണ്. വീണ്ടും വീണ്ടും ഇത് ഉപയോഗിക്കാനുള്ള പ്രേരണകൊണ്ട് കുട്ടികൾ പൈസയും വിലപ്പിടിപ്പുള്ള വസ്തുക്കളും വീട്ടിൽനിന്നു മോഷ്ടിക്കാൻപോലും തയ്യാറാകുന്നു.

മയക്കുമരുന്നു ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിൽ കുട്ടികൾ അക്രമാസക്തരാകുന്നു. പഠനത്തിൽ പിന്നോട്ടുപോകുന്നു. ശാരീരികമായ തളർച്ചയും മൗനവും തനിച്ചിരിക്കലുമൊക്കെ ഈ കുട്ടികൾ കാണിക്കുന്ന ലക്ഷണങ്ങളാണ്. ഇത്തരം കുട്ടികളെ കാണാനിടയായാൽ കൂടുതൽ ശ്രദ്ധ കൊടുത്ത് അവരെ രക്ഷപ്പെടുത്താൻ സഹായിക്കണം.

ചില മയക്കുമരുന്നുകൾ ശരീരത്തിലെത്തിയാൽ പിന്നീടൊരിക്കലും അതിൽനിന്നു രക്ഷപ്പെടാൻ സാധിക്കില്ല. മാധ്യമങ്ങളെല്ലാം വളരെ ഗൗരവത്തോടെ ബോധവത്കരണം നടത്തിവരുന്നത് നമ്മൾ ഉൾപ്പെടുന്ന തലമുറയെ രക്ഷപ്പെടുത്താനാണ്. കുട്ടികൾ കൂടുതൽ ജാഗ്രതയോടെ മുന്നോട്ടുപോകണം. പരിചയമില്ലാത്ത ആളുകളെ അടുപ്പിക്കാതിരിക്കുക. അവർ തരുന്നതൊന്നും സ്വീകരിക്കാതിരിക്കുക. നമ്മെ കൈ പിടിച്ചു നയിക്കാൻ നിയോഗിക്കപ്പെട്ടവർ പറയുന്നതനുസരിച്ചു മുന്നോട്ടു പോകുക. നമ്മുടെ ദിവസങ്ങളെ കൂടുതൽ ചിട്ടയോടെ കൊണ്ടുപോകാൻ നാംതന്നെ ശ്രമിക്കുക.

നമുക്ക് ഒത്തൊരുമിച്ച് ലഹരിമാഫിയയെ പ്രതിരോധിച്ചു മുന്നേറാം. ■

# പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റാം



**അജയ് കെ. ജോസഫ്**
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്, പാലാ

മനുഷ്യരുടെ ജീവിതം ധാരാളം വെല്ലുവിളികൾ നിറഞ്ഞതാണ്. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളെ നാം അഭിമുഖീകരിച്ചേ മതിയാവൂ. പ്രശ്നങ്ങളെ പേടിച്ചു മാറിനിൽക്കുന്നതു ധീരനായ ഒരു വ്യക്തിക്കു ചേർന്നതല്ല. ജീവിതം പലപ്പോഴും പ്രശ്നങ്ങൾ നിറഞ്ഞതാകാറുണ്ട്. പൂർണത ഒരു മനുഷ്യനിലും കാണാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ, പൂർണസംതൃപ്തിയും ഉണ്ടാകണമെന്നില്ല. ജീവിതത്തിലെ ഓരോ സംഭവത്തോടും അവസ്ഥയോടുമുള്ള സമീപനമാണ് നമ്മുടെ ജീവിതത്തിന്റെ ഗതി നിർണയിക്കുന്നത്. നമ്മൾ അവയെ എങ്ങനെ നോക്കിക്കാണുന്നുവെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജീവിതത്തിലെ പ്രതികൂലാവസ്ഥകളോടു ശുഭാപ്തിവിശ്വാസത്തോടെയുള്ള ഒരു കാഴ്ചപ്പാടാണ് ഉള്ളതെങ്കിൽ അതു നമ്മുടെ ജീവിതത്തെ മുന്നോട്ടു നയിക്കും. അതിനാൽ, നല്ല ചിന്തകളുടെ അടിസ്ഥാനത്തിൽ നാം നമ്മുടെ ജീവിതം പടുത്തുയർത്തണം. എന്നാൽമാത്രമേ, ജീവിതവിജയം നേടാനാവൂ. നിഷേധാത്മകചിന്തകൾ വച്ചുപുലർത്തുന്ന മനുഷ്യർക്കു ജീവിതവിജയം നേടാൻ സാധിക്കുകയില്ല. അവ നമ്മുടെ ജീവിതത്തെ പിന്നോട്ടു വലിക്കും.

ജീവിതം ഒരു വലിയ യാത്രയാണ്. പലതരം അനുഭവങ്ങളിലൂടെ മനുഷ്യജീവിതം കടന്നുപോകുന്നു. ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളാണ് ജീവിതയാത്രയിൽ നമുക്ക് ഇന്ധനം പകരുന്നത്. തരണം ചെയ്യാൻ യാതൊരുവിധ പ്രശ്നങ്ങളുമില്ലെങ്കിൽ മനുഷ്യൻ കൂടുതൽ അലസനാകും. മറികടക്കാൻ കടമ്പകളില്ലെങ്കിൽ മനുഷ്യജീവിതം വിരസമാകും. ഇതിൽനിന്നെല്ലാം നാം മനസ്സിലാക്കേണ്ടത് പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റണമെന്ന സത്യമാണ്. അങ്ങനെ ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ നാം ഉത്കണ്ഠയുടെ പടുകുഴിയിലേക്കു വീണുപോകും. ആശങ്ക നമ്മുടെ ജീവിതത്തെ പിന്നോട്ടു വലിക്കും. അമിതമായി ആകുലപ്പെട്ടതുകൊണ്ട് ഒരുതരത്തിലുള്ള പുരോഗതിയും നമ്മുടെ ജീവിതത്തിൽ ഉണ്ടാവുകയില്ല. അത് നമ്മുടെ മനോവീര്യം കെടുത്തും. സന്തോഷപ്രദമായ ഒരു ജീവിതം നയിക്കാൻ അതു നമ്മെ സഹായിക്കുകയില്ല എന്നു മാത്രമല്ല നമ്മുടെ ജീവിതത്തെ ദുഃഖത്തിലേക്കു തള്ളിവിടുകയും ചെയ്യും. എത്ര വലിയ പ്രതിബന്ധങ്ങൾ ഉണ്ടായാലും



നമ്മുടെ ജീവിതം മുമ്പോട്ടുപോവുകതന്നെ വേണം. ഭൂതകാലത്തെക്കുറിച്ചു പരിതപിച്ചിട്ടു കാര്യമില്ല. അതു നശിപ്പിച്ചുകളയുന്നത് നമ്മുടെ വർത്തമാനകാലത്തെയാണ്.

നമ്മുടെ നിയന്ത്രണത്തിലുള്ളത് നമ്മൾ കടന്നുപോകുന്ന നിമിഷങ്ങൾമാത്രമാണ്. അവയെ നന്നായി വിനിയോഗിക്കാൻ സാധിച്ചില്ലെങ്കിൽ നമുക്കു നഷ്ടമാകുന്നത് നല്ല ഒരു ഭാവികാലമാണ്. അതിനാൽ, നമുക്കു ലഭിക്കുന്ന അവസരങ്ങൾ നന്നായി ഉപയോഗപ്പെടുത്തണം. ചെയ്യുന്ന കാര്യങ്ങളോടു നൂറു ശതമാനം അർപ്പണവും ആത്മാർഥതയും നാം കാണിക്കണം. അല്ലാത്തപക്ഷം, നമ്മുടെ ജീവിതം കൂടുതൽ നിരാശയിലേക്കും ആശങ്കയിലേക്കും ആഴ്ന്നിറങ്ങുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. എല്ലാറ്റിനും അതീതമായ ദൈവത്തിനു നാം പൂർണമായും സമർപ്പിക്കണം. നമുക്കു നിയന്ത്രിക്കാനാവാത്ത കാര്യങ്ങളെ നാം സ്രഷ്ടാവിനു സമർപ്പിക്കണം. ദൈവവിശ്വാസവും ആത്മവിശ്വാസവും ജീവിതയാത്രയുടെ ഊർജസ്രോതസ്സുകളാണ്. ഇവ രണ്ടും ജീവിതവിജയമാകുന്ന നാണയത്തിന്റെ ഇരുവശങ്ങളാണ്. ജീവിതത്തിന്റെ പ്രതിസന്ധികളെ അതിജീവിക്കാൻ ഇവ വളരെ അത്യാവശ്യമാണ്. അവനവനിലുള്ള വിശ്വാസവും അനന്തശക്തിയായ ദൈവത്തിലുള്ള വിശ്വാസവും ജീവിതയാത്രയ്ക്ക് ഇന്ധനം പകരും. ■

കവിത



**അപർണ്ണാ രാജ്**
GHSS പാളയംകുന്ന്
വർക്കല
തിരുവനന്തപുരം



# അല്ലിമുല്ല

അല്ലിലല്ലലം പാടിവരുന്നൂ
അല്ലിമുല്ലതൻ കാമ്യസുഗന്ധം
അല്ല ദൈവമേ, ആരു കൊടുത്തൂ
അല്ലിമുല്ലയ്ക്കു വിണ്ണിൻപുടവ...

അമ്പിളിക്കുടം വെൺപാലു തൂകി
അല്ലിമുല്ല വളർന്നിട്ടുമാവോ
അഞ്ജനപ്പെണ്ണിൻ വാർമുടിക്കെട്ടിൽ
ആത്മഗന്ധം പകർന്നിരിക്കാനോ?

അശ്രു വീണു കുതിർന്നൊരീ മണ്ണിൻ
അൻപിതല്ലയോ ഈ പുഷ്പപ്രവാതം!
അനിലനരുമയായ് നിന്നെത്തലോടി
ആഗമിക്കുമിതെത്ര സുഗന്ധം!

അങ്കണത്തിലെ നൈർമല്യമായി
അംഗമാകുന്നിതെൻ അല്ലിമുല്ല.
ആർദ്രലോലമായുള്ളൊരീ ഭാവം
ആഭ ചൊരിയുന്നിതിന്നെന്റെയുള്ളിൽ!

അല്ലിതന്നിലൊരു നീഹാരബിന്ദുവായ്
അല്പമാറുവാൻ എന്തൊരുല്ലാസം.
അല്ലുമല്ലലും കൂടാതെ നിന്റെ
അല്ലി കാണുവാൻ എന്തിഷ്ടമെന്നോ.

അംബരത്തിലെ വെൺതാരകംപോൽ
അങ്കിതത്തിലെ വെൺമങ്കയോ നീ
ആത്മദളമാകുമെന്നല്ലിമുല്ലേ
ആരു തന്നു നിനക്കീ സുഗന്ധം?



# വിപ്ലവം സൃഷ്ടിക്കുന്ന മില്ലറ്റുകൾ



**സിറിൽ സജി**
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്
പാലാ

മില്ലറ്റുകൾക്ക് പതിനായിരത്തിലധികം വർഷങ്ങളുടെ ചരിത്രമുണ്ട്. അവയുടെ കൃഷി ചരിത്രത്തിലുടനീളം നിരവധി നാഗരികതകളെ സ്വാധീനിക്കുകയും ചെയ്തു. ഇവ ആദ്യകാലവളർത്തുവിളകൾകൂടിയായിരുന്നു. ചൈനയിൽ മില്ലറ്റുകളെ അഞ്ചു വിശുദ്ധധാന്യങ്ങളിൽ ഒന്നായിട്ടാണ് കണക്കാക്കിയിരുന്നത്. അരി, ഗോതമ്പ്, ബാർലി, സോയാബീൻഎന്നിവയാണു മറ്റുള്ളവ. ഇന്ത്യയിൽ 1960കളിൽ ഹരിതവിപ്ലവം വരുന്നതുവരെ മില്ലറ്റ് ഒരു പ്രധാനവിളയായിരുന്നു. ഇന്ന് ഇവയുടെ ഉത്പാദനവും വ്യവഹാരവും ഇന്ത്യയടക്കം പല ലോകരാജ്യങ്ങളുടെയും പ്രധാന വരുമാനമാർഗംകൂടിയാണ്.


സമീപവർഷങ്ങളിൽ ആരോഗ്യകരവും കൂടുതൽ സുസ്ഥിരവുമായ ഇതരഭക്ഷ്യസ്രോതസ്സുകൾക്കായിട്ടുള്ള തിരച്ചിൽ ആഗോളതലത്തിൽ വർധിച്ചുവരുകയാണ്. ഈയൊരു സാഹചര്യത്തിൽ ലോകത്തിലെ ഏറ്റവും വലിയ മില്ലറ്റ് ഉത്പാദകരും ഉപഭോക്താക്കളും എന്ന നിലയിൽ ഒരു ആഗോളമില്ലറ്റ് കേന്ദ്രമായി സ്വയം മാറുക എന്നത് ഇന്ത്യയുടെ ലക്ഷ്യമാണ്. ഇതിനായി ഇന്ത്യ മുന്നോട്ടുവച്ച നിർദേശവും വർധിച്ചുവരുന്ന ലോകജനസംഖ്യയുടെ വിശപ്പകറ്റുക എന്ന ദർശനവും കണക്കിലെടുത്ത് ഐക്യരാഷ്ട്രപൊതുസഭ 2023 നെ അന്താരാഷ്ട്ര മില്ലറ്റ് വർഷമായി പ്രഖ്യാപിച്ചു. മില്ലറ്റുകളുടെ ഗുണങ്ങളെക്കുറിച്ച് ബോധവത്കരിക്കുക, പ്രതികൂലവും മാറുന്നതുമായ കാലാവസ്ഥാസാഹചര്യങ്ങളിൽ കൃഷി ശക്തിപ്പെടുത്തുക തുടങ്ങിയവ ഇതിന്റെ പിന്നിലെ ലക്ഷ്യങ്ങളാണ്. കർഷകർക്കും വ്യാപാരികൾക്കും പുതിയ വിപണി തുറന്നുകൊടുക്കുന്നതോടൊപ്പം അവയുടെ സുസ്ഥിരവികസനവും ഉത്പാദനവും ഈ വർഷം പ്രോത്സാഹിപ്പിക്കും.

ഏഷ്യ, ആഫ്രിക്ക, തെക്കേ അമേരിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളിൽ ആയിരക്കണക്കിനു വർഷങ്ങളായി കൃഷി ചെയ്തുവരുന്ന ചെറുവിത്തുകളുള്ള പുല്ലുകളുടെ ഒരു കൂട്ടമാണ് മില്ലറ്റുകൾ. ഇവയുടെ ഒരു സുപ്രധാന ഗുണമാണ് പോഷകമൂല്യം. പ്രോട്ടീൻ, നാരുകൾ, ധാതുക്കൾ, ജീവകങ്ങൾ, ആന്റി ഓക്സൈഡുകൾ, സൂക്ഷ്മമൂലകങ്ങൾ എന്നിവയാൽ സമ്പുഷ്ടമാണ് മില്ലറ്റുകൾ. പ്രോട്ടീന്റെ ആധിക്യം ഇവയെ സസ്യാഹാരികൾക്കു പ്രിയപ്പെട്ടതാക്കിമാറ്റുന്നു. കൂടാതെ, ഇവ പ്രകൃത്യാ ഗ്ലൂറ്റൺരഹിതമാണ്. ഇത് സീലിയാക് അസുഖമുള്ളവർക്ക് ഒരു നല്ല തിരഞ്ഞെടുപ്പായി മാറുന്നു. ഡയബറ്റിസിന്റെ ലോകതലസ്ഥാനം എന്ന ദുഷ്കീർത്തിയുള്ള ഇന്ത്യയ്ക്കു മില്ലറ്റുകൾ ഏറെ സഹായകരമാണ്. 2023 മില്ലറ്റുകളുടെ വർഷമായി മാറുന്നതിന്റെ മറ്റൊരു കാരണം സുസ്ഥിരകൃഷിക്കുള്ള സാധ്യതകളാണ്.




കുറഞ്ഞ വെള്ളവും ഇൻപുട്ട് ആവശ്യകതകളുമുള്ള വരണ്ടതും കഠിനവുമായ സാഹചര്യങ്ങളിൽ വളരാൻ ഇവയ്ക്കു സാധിക്കും. മണ്ണിന്റെ വളക്കൂർ വർധിക്കാനും ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാനും മില്ലറ്റുകൾ കൃഷി ചെയ്യുന്നതിലൂടെ സാധിക്കും. രോഗങ്ങൾക്കും കീടങ്ങളുടെ ആക്രമണങ്ങൾക്കുമെതിരേ മികച്ച പ്രതിരോധശേഷി ഉണ്ടെന്നത് ഇവയെ പ്രിയങ്കരമാക്കുന്നു. മില്ലറ്റുകൾ ബ്രെഡ്, കേക്കുകൾ, കുക്കീസ്, സൂപ്പ്, കഞ്ഞി, ദോശ എന്നിവ ഉണ്ടാക്കാൻ ഉപയോഗിക്കാവുന്നതാണ്. കൂടാതെ, ഇവയെ ജൈവ ഇന്ധനം, കാലിത്തീറ്റ, വിവിധയിനം വ്യവസായങ്ങൾക്കുള്ള അസംസ്കൃതവസ്തുക്കൾ എന്ന നിലയിലും പ്രയോജനപ്പെടുത്താവുന്നതാണ്.

ഭക്ഷ്യശൃംഖലയിലെ ഒരു പ്രധാന ഘടകമായി ചെറുധാന്യങ്ങൾ മാറുന്നതിലൂടെ വിശപ്പ് അവസാനിപ്പിക്കുക, പോഷകാഹാരം ശക്തിപ്പെടുത്തുക, കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കുക, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക തുടങ്ങിയ ആഗോളലക്ഷ്യങ്ങൾ കൂടുതൽ വേഗത്തിൽ സാക്ഷാത്കരിക്കാൻ കഴിയും. മനുഷ്യനും ഭൂമിക്കും പല തലങ്ങളിൽ പല തരങ്ങളിൽ പ്രയോജനം ചെയ്യുന്ന ഒരു സൂപ്പർ ഫുഡാണ് മില്ലറ്റുകൾ. നിത്യജീവിതത്തിൽ വിപ്ലവം സൃഷ്ടിക്കാൻ പോന്ന ചെറുധാന്യങ്ങളെ നമുക്കു സ്വാഗതം ചെയ്യാം. ■



**യാന സി. ബി.**
6-ാം ക്ലാസ്
ശരിമ വിദ്യാവിഹാർ
സ്കൂൾ, ഇൻഡോർ





എന്റെ വര



കഥ

# എന്റെകൂടെ നീ ഉണ്ടായിരുന്നെങ്കിൽ!

"അച്ഛൻ കൂടക്കൂടെ ഇങ്ങനെ വിളിച്ചോണ്ടിരിക്കുകയൊന്നും വേണ്ട. അച്ഛന് അവിടെ ഒരു കുറവുമില്ലല്ലോ. നല്ല വീടില്ലേ, എത്ര പണം വേണമെങ്കിലും അക്കൗണ്ടിൽ ഇട്ടിട്ടുണ്ടല്ലോ. വീട്ടിൽ എന്തു സൗകര്യമാണ് ഇല്ലാത്തത്? ഒരു ജോലിയും ചെയ്യണ്ടല്ലോ. അതിന് ആളെ നിർത്തിയിട്ടില്ലേ? ഇനി അത്യാവശ്യത്തിന് എന്തെങ്കിലും വാങ്ങാനുണ്ടെങ്കിൽ നമ്മുടെ വീടിന്റെ അടുത്തുള്ള കടയിൽ എല്ലാം പറഞ്ഞേല്പിച്ചിട്ടുണ്ടല്ലോ." ഇന്നലെ രാത്രി വിളിച്ചപ്പോൾ മകൻ പറഞ്ഞതാണിത്.

"നീ പറഞ്ഞതെല്ലാം ശരിതന്നെയാണ്. പക്ഷേ, രാത്രിയായിക്കഴിയുമ്പോൾ, എനിക്കു പേടിയാണു മോനേ. ഒന്നു മിണ്ടാൻ, ഇത്തിരി ആഹാരമൊന്നു വിളമ്പിത്തരാൻ, എഴുന്നേൽക്കാൻ വയ്യാതാകുമ്പോൾ എന്നെയൊന്നു പിടിച്ചെഴുന്നേല്പിക്കാൻ ഇവിടെ ആരാണ് മോനേ ഉള്ളത്? രാത്രിയിൽ എനിക്കു വയ്യാതെയായാൽ ആരെങ്കിലും അത് അറിയുമോ? ഇത്രയും വലിയ വീടോ അക്കൗണ്ട് നിറയെ പണമോ ഒന്നും എനിക്കു വേണ്ട. എന്റെ പ്രയാസങ്ങൾ പറയാൻ, അത് സ്നേഹപൂർവം പരിഹരിക്കാൻ, എന്റെകൂടെ നീ ഉണ്ടായിരുന്നെങ്കിലെന്നുമാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്. വലിയ വീടും കാറും ഒന്നുമല്ല മോനേ നമ്മുടെ സൗഭാഗ്യം എന്നുപറയുന്നത്. സന്തോഷത്തോടെ ജീവിക്കാൻ സാധിക്കുന്നതാണ്. അതാണ് ഏറ്റവും വലിയ സൗഭാഗ്യവും. നിനക്കത് ഇപ്പോൾ മനസ്സിലാവില്ല. ജീവിച്ചുജീവിച്ച് നീ എന്റെ ഒപ്പം എത്തുമ്പോൾമാത്രമേ നിനക്കതു മനസ്സിലാവുകയുള്ളൂ." മകനോട് അച്ഛൻ വിശദീകരിച്ചു. ■



**അഷ്ന ബീഗം എ.**
എം.എ. ഭാഷാശാസ്ത്രം
മലയാളം സർവകലാശാല,
തിരൂർ





**അനുഗ്രഹ പ്രസാദ്**
5-ാം ക്ലാസ്
ഗവ.യു.പി.എസ്.
അളനാട്

കഥ

# അഹങ്കാരം വരുത്തിയ അപമാനം

ഒരിക്കലൊരു കാക്കയ്ക്ക് തന്റെ വംശത്തെ ഒന്നു നവീകരിക്കണമെന്നൊരാഗ്രഹം. കാക്കകളുടെ തലവനുമായി ആലോചിച്ചു. അവർ തീരുമാനം എടുത്തു.

സ്വന്തമായി ഒരു ഭവനമില്ലാതെ അന്യന്റെ കൂട്ടിൽ മുട്ടയിട്ടു നടക്കുന്ന കുയിലമ്മയെത്തന്നെ കൂട്ടുപിടിക്കാം.

അവർ മോഹനവാഗ്ദാനങ്ങൾ നിരത്തി.

"മുട്ടയിടാൻ കാലമായാൽ ഞങ്ങളുടെ കൂട്ടിൽ വരാം. എപ്പോൾ വേണമെങ്കിലും മുട്ടയിടാം."

മുട്ടകളെല്ലാം ഞങ്ങൾ വിരിയിച്ചുതരാം. പക്ഷേ, ഒരു കാര്യം. നിന്നെപ്പോലെ ഞങ്ങളെയും ജനപ്രിയരാക്കണം.

"എങ്ങനെ?"

"നിനക്കു പാടാൻ അറിയാമല്ലോ. ഞങ്ങളെയും പഠിപ്പിക്കണം."

"ശ്രമിച്ചുനോക്കാം."

അങ്ങനെ, കുയിലമ്മ കാക്കക്കൂട്ടിൽ താമസം തുടങ്ങി. ഒപ്പം പാട്ടുപരിശീലനവും. കുയിൽ പാടിത്തുടങ്ങി.

ഈണത്തിൽ – ഇമ്പമായ്
താളത്തിൽ – മധുരമായ്

പൂമ്പാറ്റകളെപ്പോലെ കുട്ടികൾ പറന്നെത്തി. തൊടിയിലെ കർഷകരും തങ്ങളുടെ കീറത്തോർത്തുകൊണ്ട് കഴുത്തിലെ വിയർപ്പുകണങ്ങൾ തുടച്ച് ആ മരത്തണലിൽ എല്ലാം മറന്ന് കാതോർത്തിരുന്നു. എല്ലാവർക്കും കണ്ണിനും, കാതിനും മനസ്സിനും കുളിരായി കൗതുകമായി അദ്ഭുതമായി. എന്നാൽ, ആ അദ്ഭുതവും സന്തോഷവും കൗതുകവും തട്ടിയുടച്ച് കാക്കക്കൂട്ടത്തിൽനിന്ന് ഒരു ഭീകരൻ ആക്രോശിച്ചു പറന്നെത്തി:

എനിക്കുമറിയാം പാടാൻ, എന്റെ കൂട്ടർക്കുമറിയാം ഇങ്ങനെ പാടാൻ.

മനസ്സിലുദിച്ചത് ചിന്തയിലും ചിന്തയിൽ തെളിഞ്ഞത് നാവിലും വന്നു.

കാ കാ കാ... ഒരാൾ പാടി. മറ്റൊരാൾ അതേറ്റുപാടി. എല്ലാവരും കൂടെപ്പാടി. സ്വരമുയർന്നു. കുയിലിന്റെ പാട്ടിനുമേലേ സ്വരമുയർന്നു. കാക്കകൾ ആർത്തലച്ചു. ഞങ്ങൾ വിജയിച്ചു. സകലരുടെയും ശ്രദ്ധ ഞങ്ങളിലേക്കായല്ലോ. അവർ നിഗളിച്ചു. എന്നാൽ, തങ്ങളുടെ പാട്ടുകേട്ടവർ ശ്ശോ... എന്നു മൂക്കത്തു വിരൽ വയ്ക്കുന്നത് അവർ കണ്ടില്ല. അവർക്കത് കേൾക്കാനായില്ല.

സ്വരം മാറി.

താളമില്ല. ഈണമില്ല. ലയമില്ല.

തനിക്കിതു ശരിയല്ല. തനിക്കിതിനാവില്ല. കുയിലമ്മ അവിടെനിന്നു നിശ്ശബ്ദം പിൻമാറി.

മറ്റൊരിടത്തിരുന്നവൾ പാടിത്തുടങ്ങി.

ശാന്തിയുടെ ഗീതം. സമാധാനത്തിന്റെ ഗീതം. കേൾവിക്കാരെല്ലാം പെട്ടെന്നുതന്നെ പാട്ടുകേൾക്കാൻ കുയിലമ്മയുടെ അടുത്തേക്കു തിരിച്ചുപോയി.

**ഗുണപാഠം**

നവീകരണം നല്ലതാണ്. അതിനായി തീരുമാനം എടുക്കൽ മാത്രം പോരാ, വിധേയത്വത്തോടെയുള്ള കഠിനപരിശ്രമം കൂടി വേണം, ഇല്ലെങ്കിൽ നാം അപമാനിതരാകും. ■